പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2402 — 18/06/2014-ൽ മറുപടിയ്ക്ക്

നിരോധിക്കപ്പെട്ട മരുന്നുകളുടെ വില്പന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ് ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ വില്പന പൂർണ്ണമായും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (എ) സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളും ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഫാർമസികളും ഔഷധ മൊത്ത വിതരണസ്ഥാപനങ്ങളും ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും നിരോധിക്കപ്പെട്ട മരുന്നുകൾ സൂക്ഷിക്കുകയോ വിതരണം നടത്തുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് മരുന്നുകൾ നിരോധിച്ച് നോട്ടിഫിക്കേഷൻ ഇറക്കുന്ന മുറയ്ക്ക് പ്രസ്തുത മരുന്ന് വിപണിയിൽ നിന്ന് പിൻവലിക്കാൻ വകുപ്പ് നടപടികൾ സ്വീകരിക്കുകയും ഇക്കാര്യം പത്ര ദൃശ്യ മാദ്ധ്യമങ്ങളിൽ കൂടി പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, |

| | |
|---|---|
| | ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ മുതലായ ഡോക്ടർമാരുടെ സംഘടനകളെ ഇക്കാര്യം അറിയിക്കുകയും കൂടാതെ ഫാർമസിസ്റ്റ്, ഡോക്ടർമാർ, മെഡിക്കൽ ഷോപ്പ് ഉടമകൾ മുതലായവരെ എസ്. എം.എസ് വഴി അറിയിക്കാറുമുണ്ട്. ഇതുകൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വെബ്സൈറ്റിൽ ഇക്കാര്യം വിശദമായി പരസ്യപ്പെടുത്താറുണ്ട്. |
| (ബി) നിരോധിക്കപ്പെട്ട മരുന്നുകളെ സംബന്ധിച്ച നിലവിലുള്ള ബോധവൽക്കരണം തികച്ചും അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ സാധാരണക്കാരനെ അറിയിക്കുന്നതിനായി വിഷ്വൽ മീഡിയയിലൂടെ ബോധവൽക്കരണം നടത്തുമോ ? | (സി) ബാധകമല്ല. |
| (ഡി) ഇല്ലെങ്കിൽ എല്ലാ മെഡിക്കൽ ഷോപ്പുകളിലും നിരോധിക്കപ്പെട്ട മരുന്നുകളുടെ വിവരം പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (ഡി ബാധകമല്ല |

സെക്ഷൻ ഓഫീസർ